# 'തെങ്ങിൻെറ ചങ്ങാതിക്കൂട്ടം': പരിശീലനം നേടിയവർ 15,000 കവിഞ്ഞു

കൊച്ചി: നാളികേര വികസന ബോർഡിൻെറ തെങ്ങിൻെറ ചങ്ങാതിക്കൂട്ടം പദ്ധതിയിൽ പരിശീലനം നേടിയവരുടെ എണ്ണം 15000 കവിഞ്ഞു. 2011 ആഗസ്റ്റ് 17ന് 11 ജില്ലകളിൽ തുടക്കമിട്ട പരിശീലന പരിപാടി മൂന്ന് ഘട്ടങ്ങൾ പിന്നിട്ടു. വിവിധ ജില്ലകളിൽ പരിശീലനം പൂർത്തിയാക്കിയ തെങ്ങിൻെറ ചങ്ങാതിമാരുടെ എണ്ണം ഇപ്രകാരമാണ്: കാസർഗോഡ് – 727, കണ്ണൂർ – 1326, കോഴിക്കോട് – 1296, മലപ്പുറം – 988, പാലക്കാട് – 1189, തൃശ്ശൂർ – 1152, എറണാകുളം – 955, ആലപ്പുഴ 756, ഇടുക്കി – 1035, കോട്ടയം – 761, പത്തനംതിട്ട – 305, കൊല്ലം – 1022, തിരുവനന്തപുരം – 1356. മറ്റുസംസ്ഥാനങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിച്ചതിൻെറ ഭാഗമായി തമിഴ്നാട് – 1136, കർണാടക – 426, മഹാരാഷ്ട്ര – 276, ആന്ധ്രപ്രദേശ് – 143, ലക്ഷദ്വീപ് – 101, ഗോവ – 60, ഒഡീഷ – 75, ഛത്തീസ്ഗഢ് – 17 ചങ്ങാതിമാരും പരിശീലനം പൂർത്തിയാക്കി. ഇന്ത്യയൊട്ടാകെ 15102 പേർ പരിശീലനത്തിൽപങ്കെടുത്തു. വിവരങ്ങൾക്ക്: 0484 2376265